"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം പാരിപ്പള്ളി എഴിപ്പുറം ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുള്ള എച്ച്.എസ്.എസ്.ടി സുവോളജി അധ്യാപക തസ്തികയിലേക്ക് നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയെ നാമനിർദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

G.O.(Rt)No.1886/2022/GEDN    തീയതി,തിരുവനന്തപുരം, 21-03-2022

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.123/2014/പൊവിവ തീയതി, 04.07.2014

2. സ.ഉ(എം.എസ്)നം.35/2016/പൊവിവ തീയതി, 03.02.2016

3. സ.ഉ(എം.എസ്)നം.106/2017/പൊവിവ തീയതി, 21.08.2017

4. സ.ഉ.(സാധാ)നം.3999/2017/പൊ.വി.വ. തീയതി, 28.10.2017

5. സ.ഉ(എം.എസ്)നം.14/2019/പൊവിവ തീയതി, 6.2.2019

6. സ.ഉ(എം.എസ്)നം.41/2021/പൊവിവ തീയതി, 25.1.2021

7. സ.ഉ(എം.എസ്)നം.105/2021/പൊവിവ തീയതി, 19.2.2021

8.സ.ഉ.(സാധാ)നം.2849/2021/പൊ.വി.വ. തീയതി, 27.05.2021

9. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കണ്ടറി വിഭാഗം) 14.3.2022 ലെ എസിഡി.സി1/ 232383/2022/എച്ച്.എസ്.ഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം പാരിപ്പള്ളി എഴിപ്പുറം ഹയർ സെക്കണ്ടറി സ്കൂളിൽ വിരമിക്കൽമൂലം നിലവിൽ വന്ന എച്ച്.എസ്.എസ്.ടി സുവോളജി അധ്യാപക തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയായി ശ്രീ ദിലീപ് സി ഡി ( ജോയിന്റ് സെക്രട്ടറി , ആരോഗ്യ കുടുംബക്ഷേമ വകുപ്പ് , ഗവ സെക്രട്ടറിയേറ്റ് , തിരുവനന്തപുരം ) നെ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച അപേക്ഷ പരാമർശം (9) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) തുടർ നടപടിക്കായി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി . പരാമർശം (8) പ്രകാരം സർക്കാർ അംഗീകരിച്ച ഉദ്യോഗസ്ഥരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ ദിലീപ് സി ഡി ( Sl no.35 ) സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച willingness , 2021-22 അക്കാദമിക വർഷം അഞ്ചിലധികം സെലക്ഷൻ കമ്മറ്റികളിലേക്ക്

സർക്കാർ പ്രതിനിധിയായി നിയമിതനായിട്ടില്ല എന്ന ഡിക്ലറേഷൻ , സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് , സീനിയോറിറ്റി ലിസ്റ്റ് എന്നിവയും പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. കൂടാതെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം സുവോളജിക്ക് ജൂനിയർ തസ്തിക നിലവിലില്ല എന്നും 1:3 റേഷ്യോ പൂർത്തീകരണത്തിന് HST/UPST/LPST സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ബൈ ട്രാൻസ്ഫർ പ്രമോഷന് യോഗ്യതയുള്ളവർ ആരുമില്ല എന്നും ആയതിനാലാണ് ഈ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതെന്നും ആർ ഡി ഡി അറിയിച്ചതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XXXII ചട്ടം (5) ലെ കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം പാരിപ്പള്ളി എഴിപ്പുറം ഹയർ സെക്കണ്ടറി സ്കൂളിൽ വിരമിക്കൽമൂലം നിലവിൽ വന്ന എച്ച്.എസ്.എസ്.ടി സുവോളജി അധ്യാപക തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയായി ശ്രീ ദിലീപ് സി ഡി ( ജോയിന്റ് സെക്രട്ടറി , ആരോഗ്യ കുടുംബക്ഷേമ വകുപ്പ് , ഗവ സെക്രട്ടറിയേറ്റ് , തിരുവനന്തപുരം ) നെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാമനിർദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് അനുവദനീയമായ യാത്രാബത്ത / ദിനബത്ത ഇനത്തിലുള്ള ചെലവുകൾ മാനേജർ വഹിക്കേണ്ടതാണ്.

3. സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള നിയമനം മാത്രമാണ് നടത്തുന്നതെന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XXXII, നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ എന്നിവ പാലിച്ചാണ് നിയമനം നടത്തുന്നതെന്നും നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും തെരഞ്ഞെടുപ്പ് സംബന്ധിച്ച റിപ്പോർട്ട്, തെരഞ്ഞെടുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചാണ് നടത്തുന്നത് എന്ന പ്രസ്താവന, ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർഥികളുടെ വിശദാംശങ്ങൾ എന്നിവ സഹിതം ഇന്റർവ്യൂ നടന്ന് 1 5 ദിവസത്തിനുള്ളിൽ സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
UNDER SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി) , ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം

മേഖലാ ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോർപ്പറേഷൻ ബിൽഡിംഗ്സ്, പാളയം, തിരുവനന്തപുരം

ശ്രീ ദിലീപ് സി ഡി ,ജോയിന്റ് സെക്രട്ടറി , ആരോഗ്യ കുടുംബക്ഷേമ വകുപ്പ് , ഗവ സെക്രട്ടറിയേറ്റ് , തിരുവനന്തപുരം

മാനേജർ, എഴിപ്പുറം എച്ച്.എസ്.എസ് ,പാരിപ്പള്ളി ,കൊല്ലം

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 21-03-2022 16:06:11**

സെക്ഷൻ ഓഫീസർ